വിശദമായ എഞ്ചിനീയറിംഗ് സർവ്വേകളും ഡിസൈനുകളും നടത്തിയശേഷം ബോദ്ധ്യമായി. അതിനാൽ പദ്ധതിയുടെ ഭാഗിക കമ്മീഷനിംഗ് 2006 മാർച്ച് മാസത്തിൽ നടത്തുവാൻ കഴിയുമെന്ന് കരുതുന്നില്ല. ഭാഗിക കമ്മീഷനിംഗ് നിശ്ചിത തീയതിയിൽ നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതായി കരുതുന്നില്ല.

(സി) ഐ. സി. ബി. 11.
എൽ. സി. ബി 12.

(ഡി) ഐ. സി. ബി. ഐ. പാക്കേജുകൾക്കും എൽ. സി. ബി. ഐ. പാക്കേജുകൾക്കും വേണ്ടിയുള്ള പ്രീക്വാളിഫിക്കേഷൻ നടപടികൾ പൂർത്തിയായി. ഇവയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

(ഇ) സർവ്വീസ് റിസർവോയറുകൾ നിർമ്മിക്കുന്നതിനുള്ള 5 കരാറുകളിൽ ഏർപ്പെടുന്നതിനുവേണ്ടി ലഭിച്ച ടെണ്ടറുകൾ ജെ. ബി. ഐ. സി. യുടെ അംഗീകാരത്തിന് വിധേയമായി റദ്ദ് ചെയ്തിട്ടുണ്ട്. ടെണ്ടറുകളിലൂടെ ലഭിച്ച തുകകൾ അംഗീകൃത പ്രോജക്ട് എസ്റ്റിമേറ്റുമായും ഇപ്പോഴത്തെ എസ്റ്റിമേറ്റുമായും താരതമ്യം ചെയ്യുമ്പോൾ വളരെ കൂടുതലായതിനാലാണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

പൈപ്പ് വാങ്ങുന്നത് സംബന്ധിച്ച കേരള ജല അതോറിറ്റിയുടെ നടപടിക്രമം

77 [259] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:*
„ *കോടിയേരി ബാലകൃഷ്ണൻ:*
„ *ടി. കെ. ദേവകുമാർ:*
„ *സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജലവിതരണ പദ്ധതികൾക്കായി പൈപ്പ് വാങ്ങുന്നത് സംബന്ധിച്ച കേരള ജല അതോറിറ്റിയുടെ നടപടി ക്രമങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ എന്താണെന്ന് വിശദമാക്കാമോ;

(ബി) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ആവശ്യാർത്ഥം പൈപ്പ് വാങ്ങാൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ടായിരുന്നോ;

(സി) ജല അതോറിറ്റിയിൽ നിലവിലുള്ള ടെണ്ടർ വ്യവസ്ഥകളിൽ നിന്ന് വ്യത്യസ്തമായി എന്തെല്ലാം പുതിയ വ്യവസ്ഥകളായിരുന്നു പ്രസ്തുത ടെണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ടെണ്ടർ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിയത് ആരായിരുന്നു;

(ഇ) ടെണ്ടർ വ്യവസ്ഥകളിൽ മാറ്റം വരുത്തിയത് സംബന്ധിച്ച എന്തെല്ലാം ആക്ഷേപങ്ങളാണ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

GPM. 2/359/2012.—15

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇതു സംബന്ധിച്ച് ജലവിഭവ വകുപ്പ് സെക്രട്ടറി അന്വേഷണം നടത്തുകയുണ്ടായോ;

(ജി) ചീഫ് സെക്രട്ടറി പുനർ അന്വേഷണം നടത്താനിടയായ സാഹചര്യം എന്തായിരുന്നു; രണ്ട് അന്വേഷണ റിപ്പോർട്ടുകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(എച്ച്) പദ്ധതിയുടെ ഏതെല്ലാം ഘട്ടങ്ങളിലേക്കാവശ്യമായ പൈപ്പുകൾക്കാണ് ഇപ്പോൾ ടെണ്ടർ വിളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ജെ. ബി. ഐ. സി. സഹായത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ ആവശ്യത്തിന് പൈപ്പ് വാങ്ങുന്നതിനു മാത്രമായി ടെണ്ടറുകളൊന്നും ക്ഷണിച്ചിട്ടില്ല. ജല അതോറിറ്റി പൈപ്പ് നേരിട്ടു വാങ്ങേണ്ട ആവശ്യം ഈ പദ്ധതിയിൽ ഉദിക്കുന്നില്ല.

(സി) കോൺട്രാക്ട് പാക്കേജുകൾക്കുള്ള ടെണ്ടർ വ്യവസ്ഥകൾ ജെ. ബി. ഐ. സി. മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്. സപ്ലൈ ഉൾപ്പെടെയുള്ള ടെണ്ടറുകളായതിനാൽ പണികൾക്കായി കരാർ നൽകുന്ന കോൺട്രാക്ടർ പൈപ്പുകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നത് സംബന്ധിച്ച് വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ജെ. ബി. ഐ. സി. മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചുള്ള വിശദമായ ടെണ്ടർ വ്യവസ്ഥകൾ പദ്ധതി നടത്തിപ്പിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള കൺസൾട്ടന്റാണ് തയ്യാറാക്കുന്നത്. ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ അദ്ധ്യക്ഷനായ ടെക്നിക്കൽ കമ്മിറ്റിയാണ് കൺസൾട്ടന്റ് നൽകിയ ടെണ്ടർ വ്യവസ്ഥകളിൽ തീരുമാനം എടുക്കുന്നതും ഭേദഗതി വരുത്തുന്നതും.

(ഇ) പദ്ധതിക്ക് ആവശ്യമായ മുഴുവൻ ഡി. ഐ. പൈപ്പുകളും ഒരു പ്രത്യേക കമ്പനിയിൽ നിന്നും വാങ്ങേണ്ടി വരുമെന്നും അതുമൂലം കേരള വാട്ടർ അതോറിറ്റിക്ക് ഏറെ നഷ്ടമുണ്ടാകുമെന്നും ആയിരുന്നു പത്രമാദ്ധ്യമങ്ങളിൽ വന്ന ആക്ഷേപങ്ങളിലെ കാതലായ പരാമർശം.

(എഫ്) ജലവിഭവ പ്രിൻസിപ്പൽ സെക്രട്ടറി ഇത് സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായി.

(ജി) ചീഫ് സെക്രട്ടറി പുനർ അന്വേഷണം നടത്തിയിട്ടില്ല. അതിനാൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

(എച്ച്) തിരുവനന്തപുരം, മീനാട്, കോഴിക്കോട്, പട്ടുവം എന്നീ പദ്ധതികളുടെ ഉറവിടം, ശുദ്ധീകരണശാല, റോവാട്ടർ പമ്പിംഗ് മെയിൻ എന്നിവ ഉൾപ്പെടുന്ന പാക്കേജ് ഒന്നിന്റെ പണികൾക്കുള്ള ടെണ്ടറുകളാണ് ഇപ്പോൾ ക്ഷണിച്ചിട്ടുള്ളത്. പൈപ്പുകൾ വാങ്ങുന്നതിനു മാത്രമായി ടെണ്ടർ ക്ഷണിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly